**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളിനേഴി ഗ്രാമപഞ്ചായത്ത് - നിവാപം 2018 നും ഗ്രാമകലാ പുരസ്കാരത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1244/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 02/05/2018

പരാമർശം:- 1. വെള്ളിനേഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02/03/2018 ലെ എ 4849/15 നമ്പർ കത്ത്.

2. 16/02/2006 ലെ സ.ഉ. (എം.എസ്)58/2006/തസ്വഭവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ നിവാപം 2018 പുരസ്കാരത്തിനും പഞ്ചായത്തിന്റെ ഗ്രാമകലാ പുരസ്കാരത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അൻപതിനായിരം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ (1) കത്ത് പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (2) ലെ വ്യവസ്ഥകൾക്ക് വിധേയമായി വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നിവാപം 2018 പുരസ്കാരത്തിനും ഗ്രാമകലാ പുരസ്കാരത്തിനും അൻപതിനായിരം രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി. ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ് / സെക്രട്ടറി, വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്, കുളക്കാട് പി.ഒ, പാലക്കാട് - 679503.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ